**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3009** **03-08-2021 - ൽ മറുപടിയ്ക്ക്**

**ഇരിക്കൂറിലെ ക്ഷീരഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | പാൽ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ആരംഭിച്ച ക്ഷീരഗ്രാമം പദ്ധതി ഇരിക്കൂർ മണ്ഡലത്തിലെ ഏതെങ്കിലും പഞ്ചായത്തിൽ നടപ്പാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | കണ്ണൂർ ജില്ലയിലെ ഇരിക്കൂർ മണ്ഡലത്തിൽപ്പെട്ട ഉളിയ്ക്കൽ ഗ്രാമപഞ്ചായത്തിലാണ് 2020-21 സാമ്പത്തിക വർഷത്തിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കിയത്. രണ്ട് പശു യൂണിറ്റ്, അഞ്ച് പശു യൂണിറ്റ് , കോമ്പോസിറ്റ് ഡയറി യൂണിറ്റ് (1 പശു + 1 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (3 പശു + 2 കിടാരി), ആവശ്യാധിഷ്ഠിത സഹായം, Milking Machine, കാലിത്തൊഴുത്ത് നിർമ്മാണം, കാലാവസ്ഥ വ്യതിയാനങ്ങൾക്കനുസൃതമായി പശുക്കൾക്കുണ്ടാകുന്ന സമർദ്ദം കുറയ്ക്കുന്നതിനുള്ള ധനസഹായം, ധാതുലവണ മിശ്രിത വിതരണം എന്നിങ്ങനെയുള്ള ഒൻപത് ഘടക പദ്ധതികളാണ് ഉളിയ്ക്കൽ പഞ്ചായത്തിൽ നടപ്പിലാക്കിയത്. |
| (ബി) | ക്ഷീര കർഷകരുടെ ക്ഷേമത്തിനായുള്ള ഏതെങ്കിലും പദ്ധതികൾ പ്രസ്തുത മണ്ഡലത്തിൽ നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്നറിയിക്കാമോ? | (ബി) | ക്ഷീര കർഷകരുടെ ക്ഷേമത്തിനായി സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കുന്ന സമഗ്ര ഇൻഷ്വറൻസ് പദ്ധതി, ക്ഷീരകർഷക ക്ഷേമനിധിയിലൂടെയുള്ള സഹായങ്ങൾ എന്നിവ ഒഴികെ പ്രസ്തുത മണ്ഡലത്തിലേയ്ക്കായി പ്രത്യേക ക്ഷേമ പദ്ധതികളൊന്നുംതന്നെ ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ